# വിശ്വാസം

## എബ്രായർ 11:6

**“എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.”**

ഒരു ദൈവപൈതലിന്റെ ജീവിതത്തിന്റെ അടിസ്ഥാനമാണ് അവനു ദൈവത്തിലുള്ള വിശ്വാസം. അതു വചനത്തിലുടനീളം നമ്മെ ദൈവം ഓർമ്മപ്പെടുത്തുന്നു. വിശ്വാസം ഇല്ലാത്ത പ്രവൃത്തി നിർജ്ജീവമാകുന്നു എന്ന് വചനം പറയുന്നു. ജീവിതത്തിൽ എന്തെങ്കിലും നല്ല കാര്യങ്ങൾ, അത് ദൈവീകമായിക്കൊള്ളട്ടെ, ചെയ്തതുകൊണ്ട് മാത്രം നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയില്ല. കാരണം ദൈവം വില കൽപ്പിക്കുന്നത് ആ പ്രവൃത്തിക്കു പിന്നിലുള്ള നമ്മുടെ ചിന്തകൾക്കാണ്. ദൈവം നമ്മുടെ ഹൃദയങ്ങളെയാണ് ശോധന ചെയ്യുന്നത്. ദൈവം നമ്മെ ശോധന കഴിക്കുന്നതിന്റെ അളവുകോൽ എന്നു പറയുന്നതു തന്നെ നാം ചെയ്യുന്ന പ്രവൃത്തികൾക്ക് ദൈവത്തോടുള്ള വിശ്വാസത്തിന്റെ വ്യാപ്തിയനുസരിച്ചിരിക്കും. എബ്രായ ലേഖനം അദ്ധ്യായം 11 മുഴുവൻ; ദൈവത്തോടുള്ള വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് തങ്ങളുടെ ജീവിതത്തിൽ മുന്നേറിയ വിശ്വാസവീരന്മാരെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. തങ്ങളുടെ ജീവിതത്തിൽ ദൈവത്തെ വിശ്വസിക്കുന്നതിനു ലോകം ഒരു അർത്ഥം പോലും കൽപ്പിക്കാതിരുന്നപ്പോഴും അവർ ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചവരാണ്.

എബ്രായർ 11:1 ൽ പറയുന്നു “വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു” എന്ന്. ഒരു പക്ഷെ വിശ്വാസത്തിന്റെ ഈ നിർവ്വചനത്തെ ലോകം അംഗീകരിച്ചില്ലെന്നു വരാം കാരണം ഇതു ദൈവീക നിർവ്വചനമാണ്. ദൈവത്തിൽ പൂർണ്ണമായി വിശ്വസിക്കുന്ന ഒരുവനു മാത്രമേ ഏതൊരു സാഹചര്യത്തിലും അവൻ ആശിക്കുന്നതിൽ ഉറക്കാനും കാണാത്ത കാര്യത്തിൽ ഒരു നിശ്ചയം ഉണ്ടാക്കുവാനും സാധിക്കുകയുള്ളൂ. ഒരുവൻ ദൈവത്തിൽ വിശ്വസിക്കുമ്പോൾ അവൻ ദൈവത്തിൽ ആശ്രയിക്കുന്നു ആ ആശ്രയം ദൈവീക അനുസരണത്തിലേക്കും അതു വഴി ദൈവത്തെ പ്രസാദിപ്പിക്കുന്നതിലേക്കും കടന്നു പോകുന്നു.

1 യോഹന്നാൻ 5:10 ൽ ഇപ്രകാരം പറയുന്നു “ദൈവപുത്രനിൽ വിശ്വസിക്കുന്നവന്നു ഉള്ളിൽ ആ സാക്ഷ്യം ഉണ്ടു. ദൈവത്തെ വിശ്വസിക്കാത്തവർ ദൈവം തന്റെ പുത്രനെക്കുറിച്ചു പറഞ്ഞ സാക്ഷ്യം വിശ്വസിക്കായ്കയാൽ അവനെ

അസത്യവാദിയാക്കുന്നു." ഈ വചനത്തിൽ പറയുന്നതുപോലെ നമ്മൾ ആരും ദൈവത്തെ ഒരു അസത്യവാദിയാക്കിക്കാണാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ നമ്മുടെ ജീവിതത്തിൽ ഒരു പ്രതിസന്ധിയോ, പ്രതികൂലമോ കടന്നു വരുമ്പോൾ നമുക്ക് ദൈവത്തിൽ ഉള്ള വിശ്വാസത്തിൽ സംശയം ഉളവായാൽ അതു ദൈവത്തെ അസത്യവാദിയാക്കുന്നതിലേക്കു നമ്മെ നയിക്കും. എന്നാൽ റോമർ 8:28 ൽ പറയുന്നു "ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കയി കൂടി വ്യാപരിക്കുന്നു."

പഴയനിയമ കാലത്ത്; തങ്ങൾക്കു കടന്നു വന്ന പരിശോധനകളെയും, പ്രതികൂലങ്ങളെയും തരണം ചെയ്യാൻ ദൈവത്തിൽ അടിയുറച്ച് വിശ്വാസിക്കാനുള്ള മനസ്സൊരുക്കം എങ്ങനെ വിശുദ്ധരെ സഹായിച്ചോ അതുപോലെ ഈ പുതിയനിയമ കാലത്ത് ദൈവവിശ്വാസത്തിൽ അടിയുറക്കാൻ ദൈവം നമുക്ക് തന്നിരിക്കുന്ന; ഒരു ശക്തമായ കൈത്താങ്ങലെന്നു വേണമെങ്കിൽ പറയാം; പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ. പരിശുദ്ധാത്മാവ് നമ്മെ ദൈവവിശ്വാസത്തിൽ ഉറക്കാനും, അവനിൽ പൂർണ്ണ ആശ്രയം വെക്കാനും, ദൈവത്തെ അനുസരിക്കാനും അതുവഴി ദൈവത്തെ പ്രസാദിപ്പിക്കാനും നമ്മെ സഹായിക്കും. ആയതിനാൽ ദിനം പ്രതി അവന്റെ രക്തത്താൽ കഴുകൽ പ്രാപിച്ച് അവന്റെ സന്നിധിയിൽ വിശ്വാസത്തോട് കൂടി നമ്മെ തന്നെ താഴ്ത്തിയേൽപ്പിക്കാം. അവൻ നമ്മെ ശുദ്ധീകരിച്ച് വഴി നടത്തുമാറാകട്ടെ.

പരാമർശം :

ഗലാത്യർ 2:20

ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏൽപിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു.

ബ്രദർ ബിനു ബേബി ആലപ്പുഴ 057